പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 70

# 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 70

# 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ബിൽ

163/2007.

# 2007—ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ബിൽ

## കേരള സംസ്ഥാനത്തെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനും, അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനും, അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും, വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും, അതിന് ആനുഷംഗികമായ മറ്റു ചില കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അൻപത്തിയെട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2005 ആഗസ്റ്റ് 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2\. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ബോർഡ്' എന്നാൽ 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) 'ചീഫ് എക്സിക്യൂട്ടീവ് ആഫീസർ' എന്നാൽ 11-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നർത്ഥമാകുന്നു ;

(സി) 'അംശാദായം' എന്നാൽ 7-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ടതായ സംഖ്യ എന്നർത്ഥമാകുന്നു ;

(ഡി) 'ക്ഷീര കർഷകൻ' എന്നാൽ സ്വന്തമായി ഒന്നോ അതിലധികമോ പശുവിനേയോ എരുമയെയോ വളർത്തുകയും, കേരള സംസ്ഥാനത്ത് തന്റെ വാസ സ്ഥലത്ത് പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘത്തിലോ അഥവാ അങ്ങനെയുള്ള സ്ഥലത്ത് ക്ഷീര സഹകരണ സംഘം പ്രവർത്തിക്കുന്നില്ല എന്ന കാരണത്താൽ തൊട്ടടുത്ത ഏതെങ്കിലും ഒരു ക്ഷീര സംഘത്തിലോ ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ വിപണനം നടത്തുകയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു ;

(ഇ) 'കടുംബം' എന്നാൽ,—

(i) ക്ഷീര കർഷകന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പെൺമക്കൾ ;

(ii) ക്ഷീര കർഷകനെ ആശ്രയിച്ചുകഴിയുന്ന അയാളുടെ അച്ഛനും അമ്മയും, എന്നർത്ഥമാകുന്നു ;

(എഫ്) 'നിധി' എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ക്ഷീരകർഷക ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജി) 'അംഗം' എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു ;

(എച്ച്) 'മിൽമ' എന്നാൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നർത്ഥമാകുന്നു ;

(ഐ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ജെ) 'മേഖല യൂണിയൻ' എന്നാൽ ക്ഷീര സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംഘം എന്നർത്ഥമാകുന്നു ;

(കെ) 'പട്ടിക' എന്നാൽ ഈ ആക്റ്റിന്റെ പട്ടിക എന്നർത്ഥമാകുന്നു ;

(എൽ) 'പദ്ധതി' എന്നാൽ ഈ ആക്റ്റ് പ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ള "കേരള ക്ഷീര കർഷക ക്ഷേമനിധി പദ്ധതി" എന്നർത്ഥമാകുന്നു ;

(എം) 'സംഘം' എന്നാൽ 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും ക്ഷീര വികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നതുമായ പ്രാഥമിക ക്ഷീര സഹകരണ സംഘം എന്നർത്ഥമാകുന്നു ;

(എൻ) 'വർഷം' എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

3. ക്ഷീര കർഷക ക്ഷേമനിധി പദ്ധതി.—(1) സംസ്ഥാനത്തെ ക്ഷീര കർഷകരുടെ ക്ഷേമത്തിനായി ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിലേക്ക്, ഗസറ്റ് വിജ്ഞാപനംമൂലം "കേരള ക്ഷീരകർഷക ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിക്കേണ്ടതും കഴിയുന്നത്ര വേഗം ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധിയിൽ താഴെ പറയുന്നവ വരവുവയ്ക്കേണ്ടതാണ്,—

(i) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായം ;

(ii) റിസർവ്വ് ഫണ്ട് പലിശയിൽ നിന്നുള്ള വരവ് ;

(iii) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ ;

(iv) കാലിത്തീറ്റ നിർമ്മാണ സ്ഥാപനങ്ങൾ, പാൽ ഉൽപ്പന്ന നിർമ്മാതാക്കൾ, സ്വകാര്യ ഡയറി ഉടമകൾ എന്നിവരിൽ നിന്നും ലഭിക്കുന്ന സംഭാവനയോ മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള സംഭാവനയോ വരവുകളോ ;

(v) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽകൂടി ബോർഡ് തീരുമാനപ്രകാരം സംഭരിക്കുന്ന ഏതെങ്കിലും ഇനത്തിലുള്ള തുക ;

(vi) പദ്ധതിപ്രകാരം ചുമത്തുന്ന ഫീസോ പിഴയോ ;

(vii) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുക ;

(3) 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിധി നിക്ഷിപ്തമാകുന്നതും, ബോർഡ് ഇതിലേക്കായി പ്രസ്തുത വകുപ്പ് (7)-ാം ഉപ വകുപ്പനുസരിച്ച് വ്യവസ്ഥ ചെയ്യുംപ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.

(4) നിധി താഴെ ചേർത്തിരിക്കും പ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) ക്ഷേമനിധിയിൽ അംഗമായി കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രാഥമിക ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുകയും ശാരീരികമായ അവശതമൂലം തുടർന്ന് കന്നുകാലി വളർത്തലിൽ ഏർപ്പെടാൻ കഴിയാതാവുകയോ ചെയ്ത ആൾക്ക് പെൻഷൻ നൽകുന്നതിന് (നിലവിൽ ക്ഷേമനിധിയിൽ അംഗമായി പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് ഈ വ്യവസ്ഥ ബാധകമല്ല) ;

(ബി) ക്ഷേമനിധിയിൽ അംഗമായി അഞ്ചുവർഷം സംഘത്തിൽ പാൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്തയാൾക്ക് പെൻഷൻ നൽകുന്നതിന് ;

(സി) കുടുംബ പെൻഷനും വായ്പകളും നൽകുന്നതിന് ;

(ഡി) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഇ) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന്.

(5) സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടുകൂടി നിധി ആദായകരമായ രീതിയിൽ നിക്ഷേപം നടത്താവുന്നതാണ്.

(6) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്ക്കരിക്കുന്ന പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

4. നിധിയിലെ അംഗത്വം.—(1) പതിനെട്ട് വയസ്സുപൂർത്തിയായ ഏതൊരു ക്ഷീര കർഷകനും ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥ പ്രകാരം നിധിയിലെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ളതും ആയ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥന് നിർദ്ദിഷ്ട ഫാറത്തിൽ നൽകേണ്ടതാണ്.

(3) ഓരോ അപേക്ഷയോടുമൊപ്പം പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രമാണങ്ങളും രജിസ്ട്രേഷൻ ഫീസും നൽകേണ്ടതാണ്.

(4) ഈ ആക്റ്റിലേയും, പദ്ധതിയിലേയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് (2)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ബോദ്ധ്യമാകുകയാണെങ്കിൽ അയാളെ ഉടൻ തന്നെ അംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ അപേക്ഷ തള്ളിക്കളയുന്ന പക്ഷം, പ്രസ്തുത വിവരം രേഖാമൂലം അപേക്ഷ കൈപ്പറ്റി അറുപതു ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്:

എന്നാൽ, അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു അപേക്ഷയും തള്ളിക്കളയാൻ പാടുള്ളതല്ല.

(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള തീരുമാനത്തിൻമേൽ പരാതിയുള്ള ഏതൊരാൾക്കും പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ, അല്ലെങ്കിൽ ഇതിലേക്കായി സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും അധികാരസ്ഥനോ അപ്പീൽ നൽകാവുന്നതും അങ്ങനെയുള്ള അപ്പീലിൻമേൽ അതു കൈപ്പറ്റി അറുപതു ദിവസത്തിനകം ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ, അപ്രകാരമുള്ള മറ്റു അധികാരസ്ഥനോ തീരുമാനം കൈക്കൊള്ളേണ്ടതും, അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(6) ഈ ആവശ്യത്തിലേക്ക് നിർണ്ണയിക്കപ്പെട്ട രജിസ്റ്ററുകൾ, മറ്റു രേഖകൾ എന്നിവ സൂക്ഷിക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആവശ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

5. നിധിയിലെ അംഗത്വം ഇല്ലാതാകൽ.—ഈ ആക്റ്റിലെ 17-ാം വകുപ്പിലെ വ്യവസ്ഥപ്രകാരമോ മറ്റു വ്യവസ്ഥപ്രകാരമോ ഒരു അംഗം കുറ്റം ചെയ്യുന്ന പക്ഷം അയാൾക്ക് നിധിയിലെ അംഗത്വം നഷ്ടപ്പെടുന്നതാണ്.

6. സംഘം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെന്ന്.—ഓരോ സംഘവും സംഘത്തിലെ അംഗങ്ങൾ നൽകുന്ന പാലിന്റെ അളവ്, പാൽ നൽകിയ ദിവസം മുതലായ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിക്കേണ്ടതും അത് ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എപ്പോൾ ആവശ്യപ്പെട്ടാലും പരിശോധിക്കാനായി സമർപ്പിക്കേണ്ടതുമാണ്.

7. നിധിയിലേക്കുള്ള അംശദായം.—നിധിയിലേക്കുള്ള അംശദായം താഴെപ്പറയുന്ന നിരക്കിൽ ആയിരിക്കേണ്ടതാണ്, അതായത് :—

(i) ഓരോ ക്ഷീരകർഷകനും പ്രതിമാസം ഇരുപതു രൂപ ;

(ii) ഓരോ സംഘവും ,—

(എ) സംഘം സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും പന്ത്രണ്ട് പൈസ ;

(ബി) സംഘം മിൽമയ്ക്കോ മേഖലായൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും അഞ്ച് പൈസ ;

(iii) മിൽമയോ മേഖലാ യൂണിയനോ വില്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും പത്തു പൈസ.

8. ബോർഡിന്റെ രൂപീകരണം.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതോടുകൂടി, നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനുമായി കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതു മുദ്രയോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗയോഗമായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും, വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്.

(3) ബോർഡിൽ, താഴെപ്പറയും പ്രകാരം പന്ത്രണ്ട് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) മൂന്ന് മേഖലാ ക്ഷീര സഹകരണ യൂണിയനുകളുടെ ഭരണസമിതികളിൽ നിന്നും ക്ഷീര കർഷകരെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ആൾ വീതം ;

(ബി) പരമ്പരാഗത പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാർക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ ;

(സി) ക്ഷീര വികസന വകുപ്പിലെ ഡയറക്ടർ അഥവാ പ്രതിനിധി ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധീകരിക്കുന്ന മൂന്ന് പേർ ;

(ഇ) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ (എക്സ്-ഒഫീഷ്യോ) ;

(എഫ്) മിൽമ ചെയർമാൻ.

(4) ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചെയർമാന്റെയും, ഡയറക്ടർമാരുടെയും പേരു വിവരങ്ങൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യ നിർവ്വഹണം പദ്ധതിയിൽ വ്യവസ്ഥചെയ്യുന്ന രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, പ്രത്യേകം പറയാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും, വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമെന്ന് അത് കരുതുന്നതും, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ളതുമായ അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ, അല്ലെങ്കിൽ 11-ാം വകുപ്പിന്റെ (1)-ാം ഉപ വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഏതെങ്കിലും ആഫീസർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

9. ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.—(1) 8-ാം വകുപ്പ് (3)-ാം ഉപ വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു ഡയറക്ടർ ചാർജ്ജ് എടുത്ത തീയതി മുതൽ മൂന്ന് വർഷം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) 10-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും , സർക്കാരിന് എപ്പോൾ വേണമെങ്കിലും രേഖാമൂലം കാരണം കാണിച്ചുകൊണ്ട് ബോർഡിലെ ഏതൊരു ഡയറക്ടറെയും, നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കാനുള്ള ന്യായമായ ഒരു അവസരം നൽകിയ ശേഷം, നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ, പൊതുതാത്പര്യം പരിഗണിച്ച് കാരണങ്ങൾ രേഖപ്പെടുത്തുന്നതോ അങ്ങനെയുള്ള അവസരങ്ങൾ നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായ മുള്ള പക്ഷം നീക്കം ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തുകയോ നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കാൻ അവസരം നൽകുകയോ ചെയ്യേണ്ടതില്ല.

(3) ഏതൊരു ഡയറക്ടർക്കും, സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകി ക്കൊണ്ട് തന്റെ ഡയറക്ടർ സ്ഥാനം രാജിവയ്ക്കാവുന്നതും രാജിക്കത്ത് സർക്കാർ സ്വീകരിക്കുന്ന തീയതി മുതൽ ആയത് പ്രാബല്യത്തിൽ വരുന്നതുമാണ്.

10. അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ.—(1) ബോർഡിന്റെ മുൻകൂർ അനുവാദം ഇല്ലാതെ തുടർച്ചയായ മൂന്ന് ബോർഡ് യോഗങ്ങളിൽ ഹാജരാകാതിരുന്നിട്ടുള്ള അനൗദ്യോഗിക ഡയറക്ടറുടെ അംഗത്വം നീക്കം ചെയ്യപ്പെടേണ്ടതാണ്.

(2) ബോർഡിൽ നിന്നും (1)-ാം ഉപവകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക ഡയറക്ടർ അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ ഒരു വർഷത്തേക്ക് വീണ്ടും ഡയറക്ടറായി നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരി ക്കുന്നതാണ്.

11. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന് ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ ചുമതലകളും, കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സഹായിക്കാൻ ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും, ആവശ്യമെന്നു കരുതുന്നത്ര മറ്റു ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ക്ഷീരവികസനവകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത തസ്തികയിൽ ക്ഷീരവികസന വകുപ്പിൽ ജോലിയുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കേണ്ടതാണ്.

(3) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടേയും, മറ്റ് ഉദ്യോഗസ്ഥൻമാരുടേയും, ജീവനക്കാരുടേയും നിയമനരീതിയും, ശമ്പളവും, അലവൻസകളും മറ്റ് സേവന വ്യവസ്ഥകളും ഗവൺമെന്റിന്റെ അംഗീകാരത്തോടെ ബോർഡ് നിശ്ചയിക്കേണ്ടതാണ്.

(4) ബോർഡിന്റെ കീഴിലുള്ള സർവ്വീസിലെ നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തപ്പെടുന്ന തസ്തികകളുടെ സംഗതിയിൽ അതതു സമയം ഭേദഗതി ചെയ്തപ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും ആവശ്യമായ മാറ്റങ്ങളോടെ പാലിക്കേണ്ടതാണ്.

12. കിട്ടേണ്ട തുക തീരുമാനിക്കൽ.—(1) ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായേക്കാവുന്ന പ്രകാരമുള്ള അന്വേഷണം നടത്തയതിനുശേഷവും 7-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥമായ സംഘത്തിന് പറയുനുള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷവും, ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരം നൽകേണ്ട അംശദായത്തുക ഉത്തരവുമൂലം തീരുമാനിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്, അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുന്നതിനായി ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുവാൻ നിർബന്ധിക്കുന്നതിന് അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിൽ വിസ്തരിക്കുന്നതിന് ;

(ബി) പ്രമാണങ്ങൾ കണ്ടെടുക്കുന്നതിനും, ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന് ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിന് വേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

13. അംശദായം പിരിച്ചെടുക്കൽ.—(1) 7-ാം വകുപ്പു പ്രകാരം അംശദായം നൽകാൻ ബാദ്ധ്യതയുള്ള ഒരോ സംഘവും മിൽമയും നിധിയിലേക്ക് നൽകേണ്ടതായ തുക കൃത്യമായി നൽകേണ്ടത് സംഘം സെക്രട്ടറിയുടെ/ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതലയായിരിക്കും.

(2) തുക അടക്കേണ്ടതായ തീയതിക്കോ അതിനുമുമ്പോ, അംശദായം അടച്ചില്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പറയുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം വസൂലാക്കാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. സംഘം സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് തുടങ്ങിയവരുടെമേലുള്ള നടപടി.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും 7-ാം വകുപ്പ് പ്രകാരമുള്ള സംഘത്തിലെയും മിൽമയിലെയും അംശദായം നിധിയിൽ അടയ്ക്കാത്ത പക്ഷം ബന്ധപ്പെട്ട സംഘം സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് എന്നിവരുടെ മേൽ ബോർഡിന് നടപടി സ്വീകരിക്കാവുന്നതാണ്.

15. അംശദായം നൽകുന്നതിന് മറ്റ് കടങ്ങളെക്കാൾ മുൻഗണന.—7-ാം വകുപ്പ് പ്രകാരം അംശദായം നല്കാനുള്ള ഏതെങ്കിലും സംഘം ലിക്വിഡേററ് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കപ്പെടുന്നുവെങ്കിൽ ലിക്വിഡേറ്റ് ചെയ്യപ്പെടുമ്പോൾ ഈ ആക്റ്റ് പ്രകാരം നൽകുവാനുള്ള അംശദായം മറ്റെല്ലാ കടങ്ങളെക്കാൾ മുൻഗണന നൽകി കൊടുത്ത് തീർക്കേണ്ടതായ കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

16. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.—ബോർഡിലെ ഓരോ ഡയറക്ടറും, ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ആഫീസറും, ബോർഡിലെ മറ്റ് ഉദ്യോഗസ്ഥന്മാരും, ജീവനക്കാരും ഇന്ത്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കണക്കാക്കപ്പെടുന്നതാണ്.

17. ശിക്ഷ.—(1) ഈ ആക്റ്റോ, പദ്ധതിയോ പ്രകാരം താൻ നൽകേണ്ടതായ ഏതെങ്കിലും തുക നൽകുന്നതു ഒഴിവാക്കാൻ വേണ്ടിയോ, അഥവാ മറ്റേതെങ്കിലും ആൾക്ക് അപ്രകാരം തുക നൽകുന്നത് ഒഴിവാക്കാൻ വേണ്ടിയോ, അഥവാ താൻ അർഹിക്കാത്തതോ, അർഹിക്കുന്നതിലധികമോ ആയ തുക ഈ നിധിയിൽ നിന്ന് ലഭിക്കാൻ വേണ്ടിയോ, അഥവാ മറ്റേതെങ്കിലുമൊരാൾക്ക് അർഹിക്കാത്തതോ, അർഹിക്കുന്നതിലധികമോ ആയ തുക ഈ നിധിയിൽ നിന്നു ലഭിക്കാൻ വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജ പ്രസ്താവനയോ, വ്യാജ നിവേദനമോ നടത്തുകയോ, നടത്താൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലം വരെയാകാവുന്ന തടവോ, അല്ലെങ്കിൽ അഞ്ഞൂറു രൂപ വരെയാകാവുന്ന പിഴയൊ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

(2) ഈ ആക്റ്റിലെയോ, പദ്ധതിയിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ അവ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ലംഘനത്തിനോ, അനുസരിക്കാതിരിക്കലിനോ ഈ ആക്റ്റിൻ കീഴിൽ മറ്റെവിടെയെങ്കിലും മറ്റൊരു ശിക്ഷയ്ക്കും വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം നാന്നൂറു രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

18. രണ്ടാമത്തെയോ പിന്നീടുണ്ടാകുന്നതോ ആയ കുറ്റത്തിന് വർദ്ധിച്ച ശിക്ഷ.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് കുറ്റക്കാരനാണെന്ന് ഒരു കോടതി വിധിച്ചിട്ടുള്ള ഏതൊരാളും അതേ കുറ്റം വീണ്ടും ചെയ്യുകയാണെങ്കിൽ അപ്ര കാരം പിന്നീട് ചെയ്യാവുന്ന ഓരോ കുറ്റത്തിനും അയാൾക്കു മൂന്നുമാസത്തിൽ കുറയാൻ പാടില്ലാത്തതായ തടവോ, അല്ലെങ്കിൽ ആയിരം രൂപ വരെയാകാവുന്ന പിഴയോ നൽകി ശിക്ഷിക്കാവുന്നതാണ്:

എന്നാൽ, കോടതിക്ക്, വിധിന്യായത്തിൽ രേഖപ്പെടുത്തിയ ഏതെങ്കിലും മതിയായതും, പ്രത്യേകവുമായ കാരണങ്ങളിന്മേൽ മൂന്നു മാസത്തിൽ കുറഞ്ഞ കാലത്തേക്ക് തടവുശിക്ഷ നൽകാവുന്നതാണ്.

19. സംഘങ്ങൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു സംഘമാണ് ചെയ്യുന്നതെങ്കിൽ കുറ്റം ചെയ്ത സമയത്ത് ചാർജ്ജ് വഹിച്ചിരുന്ന സംഘത്തിന്റെ സെക്രട്ടറിയും ഭരണസമിതി അംഗങ്ങളും ഇതുമായി ബന്ധപ്പെട്ട ചുമതലയുള്ള എല്ലാ ഉദ്യോഗസ്ഥരും കുറ്റക്കാരായി കരുതപ്പെടുന്നതും, അതനുസരിച്ച് നടപടികൾ എടുക്കപ്പെടുന്നതിനും, ശിക്ഷിക്കപ്പെടുന്നതിനും അവർ വിധേയരായിരിക്കുന്നതുമാണ് :

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടിയല്ലെന്നും അഥവാ കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രമിച്ചിരുന്നുവെന്നും അയാൾ തെളിയിക്കുന്ന പക്ഷം ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കാവുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു സംഘം ചെയ്തിരിക്കുകയും കുറ്റം ചെയ്തത് സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടോ ഒത്താശയോടോ കൂടി ആണെന്നു തെളിയിക്കുകയോ അഥവാ അയാളുടെ ഭാഗത്ത് മാത്രം ഉപേക്ഷ ആരോപിക്കാവുന്നതായിരിക്കുകയും ചെയ്താൽ സംഘത്തിലെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആ കുറ്റം ചെയ്തതായി കണക്കാക്കേണ്ടതും, അതനുസരിച്ച് നടപടി എടുക്കുന്നതിനും, ശിക്ഷിക്കപ്പെടുന്നതിനും അയാൾ വിധേയനായിരിക്കുന്നതുമാണ്.

20. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉത്തമവിശ്വാസപൂർവം ചെയ്തതോ, ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർമാർക്കോ, ചീഫ് എക്സിക്യൂട്ടീവിനോ, മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

21. സർക്കാരിന്റെ നിർദ്ദേശങ്ങൾ.—(1) സർക്കാരിന് ബോർഡ് അനുവർത്തി ക്കേണ്ടതായ പൊതുനിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുമ്പോഴും, കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴും, (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതുനിർദ്ദേശങ്ങളിൽ നിന്നും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ ബോർഡ് വ്യതിചലിക്കുവാൻ പാടുള്ളതല്ല.

22. ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരമോ അവയുടെ കീഴിലോ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ബോർഡ് തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിക്രമിക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം, സർക്കാരിന് ഗസറ്റുവിജ്ഞാപന പ്രകാരം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറു മാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

23. ബോർഡിന്റെ കണക്കുകളുടെ ആഡിറ്റ്.—(1) ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് സർക്കാർ ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ അപ്രകാരമുള്ള ആഡിറ്റർമാർ പരിശോധിക്കേണ്ടതും, ആഡിറ്റു ചെയ്യേണ്ടതുമാണ്.

(3) ആഡിറ്റ് റിപ്പോർട്ട് സംബന്ധിച്ചോ, തുടർ നടപടി സംബന്ധിച്ചോ സർക്കാരിന് യുക്തമെന്നു തോന്നുന്ന പക്ഷം അക്കൗണ്ടന്റ് ജനറൽ മുഖേന തുടർ പരിശോധന നടത്താവുന്നതാണ്.

24. വാർഷിക റിപ്പോർട്ടും, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ് മെന്റും.—(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ആഫീസർ തയ്യാറാക്കേണ്ടതും, ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും അവസാനിച്ച് ഒമ്പതു മാസങ്ങൾക്കകം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ സർക്കാർ, അതതു കണക്കുകൾ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭയുടെ തൊട്ടടുത്ത സമ്മേളനത്തിൽ തന്നെ വയ്ക്കേണ്ടതാണ്.

25. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ, പദ്ധതി പ്രകാരമോ അവയുടെ കീഴിലോ, സർക്കാരോ, ബോർഡോ, 11-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ, മറ്റു ഏതെങ്കിലും ഉദ്യോഗസ്ഥന്മാരോ ഒത്തു തീർപ്പാക്കുകയോ, നിശ്ചയിക്കുകയോ, തീരുമാനിക്കുകയോ, കൈകാര്യം ചെയ്യുകയോ ചെയ്യേണ്ടതായ യാതൊരു സംഗതിയും ഒത്തു തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ, നിശ്ചയിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

26. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും, ആഡിറ്റിനും, സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും, ശിക്ഷാനടപടികൾക്കും, പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, പിൻകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത പ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

27. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് (2007-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ, എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

## പട്ടിക

[3 (6) വകുപ്പ് കാണുക]

1. ക്ഷീര കർഷകരുടെ രജിസ്ട്രേഷൻ.
2. 7-ാം വകുപ്പുപ്രകാരം, നിധിയിലേക്ക് അംശദായം നൽകേണ്ട സമയവും, രീതിയും.
3. ബോർഡിനെ സഹായിക്കാനായി ഏതെങ്കിലും കമ്മിറ്റി രൂപീകരിക്കൽ.
4. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയിലുള്ള പണം നിക്ഷേപിക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്ക് ആഡിറ്റ് ചെയ്യൽ, ആഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കൽ, സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കൽ എന്നിവ.
5. നിധിയിൽ നിന്നും പണം പിൻവലിക്കൽ അനുവദിക്കുന്നതിനും, ഏതെങ്കിലും തട്ടിക്കിഴിക്കലോ കണ്ടുകെട്ടലോ നടത്തുന്നതിനും ഉള്ള വ്യവസ്ഥകളും അപ്രകാരം തട്ടിക്കഴിക്കുകയോ, കണ്ടുകെട്ടുകയോ ചെയ്യാവുന്ന ഏറ്റവും കൂടിയ തുകയും.
6. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്നെപ്പറ്റിയും കുടുംബത്തെപ്പറ്റിയും വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

7. ഒരംഗം മരിക്കുമ്പോൾ കുടുംബപെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദേശം ചെയ്യുകയോ അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്ന വിധം.

8. ക്ഷീര കർഷകരെ സംബന്ധിച്ച് സംഘം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും, രേഖകളും സമർപ്പിക്കേണ്ട റിട്ടേണുകളും.

9. നിധിയിലെ ഏതെങ്കിലും അംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള ഐഡന്റിറ്റി കാർഡിന്റെ മാതൃക, അതു നൽകൽ, സൂക്ഷിക്കൽ, പകരം നൽകൽ.

10. പട്ടികയിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആവശ്യത്തിന് ചുമത്തേണ്ട ഫീസ്.

11. ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് വിനിയോഗിക്കാവുന്ന അധികാരങ്ങൾ കൂടുതൽ എന്തെങ്കിലും ഉണ്ടെങ്കിൽ അത്.

12. നിധി വിനിയോഗിക്കാവുന്ന ആവശ്യങ്ങൾ.

13. നിധി കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാകുന്ന ചെലവുകൾ ചെയ്യുന്നതിനുള്ള നടപടി ക്രമം.

14. നിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

15. ബോർഡിന്റെ ആസ്ഥാനം, ബോർഡ് അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, ഓണറേറിയം തുടങ്ങിയവ.

16. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമാകുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരളത്തിലെ ഏകദേശം 14 ലക്ഷത്തോളം കുടുംബങ്ങൾ പശുപരിപാലനം തൊഴിലായി സ്വീകരിച്ചുവരുന്നു. എന്നാൽ, ഇതിൽ 2 ലക്ഷത്തോളം ക്ഷീരകർഷകർ മാത്രമേ പ്രാഥമിക ക്ഷീരസഹകരണസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളൂ. കേരളത്തിലെ മൊത്തം ഉല്പാദിപ്പിക്കുന്ന പാലിൽ നിന്നും 17% ഗാർഹികാവശ്യത്തിനും, 4% ക്ഷീരോൽപ്പന്ന നിർമ്മാണത്തിനും ബാക്കി വരുന്ന 79% വിപണനത്തിനുമാണ് നല്കുന്നത്. എന്നാൽ, "ക്ഷീരകർഷക ക്ഷേമനിധി" എന്ന നിർദ്ദേശം "പശുപരിപാലനം" എന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പാവപ്പെട്ട ക്ഷീരകർഷകർക്ക് സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന് ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഒരു നിയമനിർമ്മാണം നടത്താൻ തീരുമാനിക്കുകയുമുണ്ടായി. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും കേരള ഗവർണർ

2005-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് 2005 ആഗസ്റ്റ് 24-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2005-ലെ 14-ാം നമ്പർ ഓർഡിനൻസായി 2005 ആഗസ്റ്റ് 24-ാം തീയതിയിലെ 1959-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. 2005 നവംബർ 21-ാം തീയതി കൂടിയ നിയമസഭ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനു പകരം ഒരു ബിൽ അവതരിപ്പിക്കുവാനും പാസ്സാക്കുവാനും സമയ ക്കുറവുമൂലം കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതി രിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യ വസ്ഥകൾ നിലനിർത്തുന്നതിനു വേണ്ടി 2005-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് 2005 ഡിസംബർ 29-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2005-ലെ 28-ാം നമ്പർ ഓർഡിനൻസായി 2005 ഡിസംബർ 29-ാം തീയതിയിലെ 2808-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ബിൽ പതിനൊന്നാം കേരള നിയമസഭ യുടെ 358-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും, സമയക്കുറവുമൂലം അത് നിയമമാക്കാൻ സാധിച്ചില്ല.

പ്രസ്തുത ബിൽ 2006 ഫെബ്രുവരി 3-ാം തീയതി ആരംഭിച്ച് 2006 ഫെബ്രുവരി 21-ാം തീയതി അവസാനിച്ചതും 2006 മാർച്ച് 14-ാം തീയതിയിലെ ആരംഭിച്ച് 2006 മാർച്ച് 15-ാം തീയതി അവസാനിച്ചതുമായ കേരള നിയമസഭയുടെ സമ്മേളനങ്ങളിൽ അവതരിപ്പി ക്കുവാനോ പാസ്സാക്കുവാനോ കഴിയാഞ്ഞതിനാൽ കേരള നിയമസഭ സമ്മേളനത്തിലല്ലാ തിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്ന തിനാലും ഗവർണ്ണർ 2006-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് 2006 മാർച്ച് 17-ാം തീയതി വിളംബരപ്പെടുത്തുകയും, ആയത് 2006-ലെ 18-ാം നമ്പർ ഓർഡിനൻസായി 2006 മാർച്ച് 17-ാം തീയതിയിലെ 594-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 2006 മേയ് 24-ാം തീയതി ആരംഭിച്ച് 2006 ജൂൺ 30-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പി ക്കുവാനോ പാസ്സാക്കുവാനോ കഴിയാഞ്ഞതിനാൽ 2006-ലെ കേരള ക്ഷീരകർഷക ക്ഷേമ നിധി ഓർഡിനൻസ് (2006-ലെ 36) ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2006 ജൂലൈ 5-ാം തീയതിയിലെ 1130-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2006 സെപ്റ്റംബർ 18-ാം തീയതി ആരംഭിച്ച് 2006 ഒക്ടോബർ 26-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാഞ്ഞതിനാൽ 2006 ഒക്ടോബർ 30-ാം തീയതി 2006-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് (2006-ലെ 56) ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2006 ഒക്ടോബർ 30-ാം തീയതിയിലെ 1720-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2006 ഡിസംബർ 27-ാം തീയതി ആരംഭിച്ച് 2006 ഡിസംബർ 29-ാം തീയതി അവസാനിച്ചതുമായ കേരള നിയമസഭയുടെ സമ്മേളന ത്തിൽവച്ച് അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാഞ്ഞതിനാൽ 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് (2007-ലെ 20) ഗവർണ്ണർ 2007 ഫെബ്രുവരി 4-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2007 ഫെബ്രുവരി 5-ാം തീയതിയിലെ 218-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ, നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം "കേരള ക്ഷീരകർഷക ക്ഷേമ നിധി പദ്ധതി" എന്ന പേരിൽ ഗസറ്റ് വിജ്ഞാപനംമൂലം ഒരു പദ്ധതി ആവിഷ്കരിക്കു ന്നതിനുവേണ്ടി ഈ ആക്റ്റിന്റെയും പദ്ധതിയുടെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം "കേരള ക്ഷീരകർഷക ക്ഷേമ നിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 11-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുവാൻ വേണ്ടി ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറേയും ആവശ്യമെന്ന് കരുതുന്ന മറ്റുദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കുവാൻ സർക്കാരിന് അധികാരം നൽകുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ബോർഡ് അനുവർത്തിക്കേണ്ട തായ പൊതുനിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 22-ാം ഖണ്ഡം ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ബോർഡ് വീഴ്ച വരുത്തിയാൽ ഗസറ്റ് വിജ്ഞാപനംവഴി ബോർഡിനെ സൂപ്പർസീഡ് ചെയ്യുവാൻ സർക്കാരിന് അധികാരം നൽകുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 26-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ഏത് സംഗതി സംബന്ധിച്ചാണ് ഉത്തരവുകളോ വിജ്ഞാപനങ്ങളോ ചട്ടങ്ങളോ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ ഉത്തരവുകളോ ചട്ടങ്ങളോ അവ പുറപ്പെടുവിച്ചതിനോ ഉണ്ടാക്കിയതിനോ ശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനക്ക് വിധേയവുമാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

സി. ദിവാകരൻ.